**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3974** **09-10-2025 - ൽ മറുപടിയ്ക്ക്**

**മൃഗചികിത്സയുമായി ബന്ധപ്പെട്ട് ഇരുപത്തിനാല് മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് തങ്ങളുടെ പക്ഷിമൃഗാദികളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനും യഥാസമയം ചികിത്സ ലഭിക്കുന്നതിനുമായി ഇരുപത്തിനാല് മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കർഷകർക്ക് തങ്ങളുടെ പക്ഷിമൃഗാദികളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനും യഥാസമയം ചികിത്സ ലഭിക്കുന്നതിനുമായി ഇരുപത്തിനാല് മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 31 സ്ഥാപനങ്ങൾ വഴി 24 മണിക്കൂർ വെറ്ററിനറി ചികിത്സ സേവനം നൽകി വരുന്നു. 31 സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. നിലവിൽ മൃഗാശുപത്രികളുടെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ആണ്. പലപ്പോഴും ആശുപത്രി പ്രവർത്തന സമയത്തിന് ശേഷം മൃഗങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾ മൂലം കർഷകർ ബുദ്ധിമുട്ട് നേരിടുന്ന സന്ദർഭങ്ങളിൽ മൃഗചികിത്സ ലഭ്യമാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയാണ് രാത്രികാല അടിയന്തര മൃഗചികിത്സ പദ്ധതി. വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെ കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതിയാണിത്.<br><br>156 കേന്ദ്രങ്ങളിൽ തുടങ്ങിയ രാത്രികാല സേവനം 80 കേന്ദ്രങ്ങളിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിലവിൽ പ്രവർത്തിച്ചു വരുന്നു. കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിയക്കപ്പെടുന്ന ഒരു വെറ്ററിനറി സർജൻ, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവർ ഓരോ സെന്ററിലും പ്രവർത്തിയ്ക്കുന്നു.<br><br>മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആശ്വാസമായി കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ ലഭ്യമാക്കുന്നതിനായി 2023 ജനുവരി |

| | | | |
|---|---|---|---|
| | | | മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 29 ബ്ലോക്കുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ സഹായത്തോടുകൂടി സംസ്ഥാന ഫണ്ടു കൂടി ഉപയോഗിച്ച് പ്രവർത്തിച്ചു വരുന്നു. ഇടുക്കി ഒഴിച്ചുള്ള 13 ജില്ലകളിൽ 2 ബ്ലോക്കുകളിൽ വീതവും ഇടുക്കി ജില്ലയിൽ 3 ബ്ലോക്കുകളിലും കരാർ അടിസ്ഥാനത്തിൽ ഡോക്ടമാരെയും പാരാ വെറ്റിനെയും അറ്റെൻഡന്റുമാരെയും നിയമിച്ചു സേവനം നൽകി വരുന്നു.<br><br>2023 ജനുവരിയിൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കിയത് മൃഗസംരക്ഷണ മേഖലയിൽ വളരെയധികം പ്രയോജനകരമാണെന്നു സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ പദ്ധതി വ്യാപിപ്പിക്കുന്നതിലേക്കായി കേരള പുനർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 127 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ആയതിന്റെ ആദ്യ ഘട്ടമെന്നോണം 47 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. ഇതോടു കൂടി സംസ്ഥാനത്തു 76 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.<br><br>നിലവിൽ പ്രവർത്തിക്കുന്ന 76 MVU യൂണിറ്റുകളുടെ പ്രവർത്തന സമയം വൈകിട്ട് 4 മുതൽ രാത്രി 12 വരെ ആണ്. 47 മൊബൈൽ വെറ്ററിനറി യൂണിറ്റുകളിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഒരു വെറ്ററിനറി സർജൻ, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവർ ഓരോ സെന്ററിലും പ്രവർത്തിക്കുന്നു. രാത്രികാല അടിയന്തിര സേവനം നിലവിലുള്ള 80 കേന്ദ്രങ്ങളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.<br><br>47 മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |
| (സി) | മൃഗചികിത്സയുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക കോൾ സെന്റർ സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മൃഗചികിത്സയുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഒരു കാൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. 1962 എന്ന ടോൾ ഫ്രീ നമ്പറിലുള്ള കേന്ദ്രീകൃത കാൾ സെന്റർ |

| | | | |
|---|---|---|---|
| | | | സംവിധത്തിലൂടെയാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം കർഷകന്റെ വീട്ടുപടിയ്ക്കൽ സാധ്യമാക്കുന്നത്.<br><br>24 മണിക്കൂർ പ്രവർത്തിക്കുന്ന 1962 എന്ന ടോൾഫ്രീ നമ്പരിലേക്ക് കാൾ സെന്റർ മുഖാന്തിരം, കർഷകർ വിളിച്ച് ആവശ്യപ്പെടുന്ന മുറയ്ക്ക്, ചികിത്സാ സേവനം കർഷകരുടെ വീട്ടുപടിക്കൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വഴി എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നമ്പർ | ജില്ല | സ്ഥാപനങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 1.വെറ്ററിനറി പോളി ക്ലിനിക്ക് പാറശ്ശാല |
| | | 2.വെറ്ററിനറി പോളി ക്ലിനിക്ക് നെടുമങ്ങാട് |
| | | 3.വെറ്ററിനറി ഹോസ്പിറ്റൽ ആറ്റിങ്ങൽ |
| 2 | കൊല്ലം | 4.വെറ്ററിനറി പോളി ക്ലിനിക്ക് പുനലൂർ |
| | | 5.വെറ്ററിനറി പോളി ക്ലിനിക്ക് കരുനാഗപ്പള്ളി |
| | | 6.വെറ്ററിനറി ഹോസ്പിറ്റൽ കുളത്തൂപ്പുഴ |
| 3 | പത്തനംതിട്ട | 7.വെറ്ററിനറി പോളി ക്ലിനിക്ക് അടൂർ |
| | | 8.വെറ്ററിനറി പോളി ക്ലിനിക്ക് തിരുവല്ല |
| 4 | ആലപ്പുഴ | 9.വെറ്ററിനറി പോളി ക്ലിനിക്ക് ഹരിപ്പാട് |
| | | 10.വെറ്ററിനറി പോളി ക്ലിനിക്ക് ചേർത്തല |
| 5 | കോട്ടയം | 11.വെറ്ററിനറി ഹോസ്പിറ്റൽ വൈക്കം |
| | | 12.വെറ്ററിനറി പോളി ക്ലിനിക്ക് കാഞ്ഞിരപ്പള്ളി |
| | | 13.വെറ്ററിനറി പോളി ക്ലിനിക്ക് മൂന്നാർ |
| 6 | എറണാകുളം | 14.വെറ്ററിനറി പോളി ക്ലിനിക്ക് മൂവാറ്റുപുഴ |
| | | 15.വെറ്ററിനറി പോളി ക്ലിനിക്ക് മുളന്തുരുത്തി |
| 7 | ഇടുക്കി | 16.വെറ്ററിനറി പോളി ക്ലിനിക്ക് കട്ടപ്പന |
| 8 | തൃശ്ശൂർ | 17.വെറ്ററിനറി പോളി ക്ലിനിക്ക് അന്തിക്കാട് |
| | | 18.വെറ്ററിനറി പോളി ക്ലിനിക്ക് കൊടുങ്ങല്ലൂർ |
| 9 | പാലക്കാട് | 19.വെറ്ററിനറി പോളി ക്ലിനിക്ക് മണ്ണാർകാട് |
| | | 20.വെറ്ററിനറി പോളി ക്ലിനിക്ക് ഒറ്റപ്പാലം |
| | | 21.വെറ്ററിനറി പോളി ക്ലിനിക്ക് ചിറ്റൂർ |
| 10 | മലപ്പുറം | 22.വെറ്ററിനറി പോളി ക്ലിനിക്ക് പെരിന്തൽമണ്ണ |
| 11 | കോഴിക്കോട് | 23.വെറ്ററിനറി പോളി ക്ലിനിക്ക് വടകര |
| | | 24.വെറ്ററിനറി പോളി ക്ലിനിക്ക് പേരാമ്പ്ര |
| 12 | വയനാട് | 25.വെറ്ററിനറി പോളി ക്ലിനിക്ക് ബത്തേരി |
| | | 26.വെറ്ററിനറി പോളി ക്ലിനിക്ക് മാനന്തവാടി |
| 13 | കണ്ണൂർ | 27.വെറ്ററിനറി ഡിസ്പെൻസറി പിണറായി |
| | | 28.വെറ്ററിനറി പോളി ക്ലിനിക്ക് പയ്യന്നൂർ |
| | | 29.വെറ്ററിനറി ഹോസ്പിറ്റൽ മട്ടന്നൂർ |
| 14 | കാസർകോട് | 30.വെറ്ററിനറി ഹോസ്പിറ്റൽ കാഞ്ഞങ്ങാട് |
| | | 31.വെറ്ററിനറി ഹോസ്പിറ്റൽ മഞ്ചേശ്വരം |

# അനുബന്ധം 2

| നമ്പർ | ജില്ല | ബ്ലോക്കിന്റെ /കോർപ്പൊറേഷൻ/മുനിസിപ്പാലിറ്റിയുടെ പേര് |
|---|---|---|
| | **തിരുവനന്തപുരം** | |
| 1 | | ചിറയിൻകീഴ് |
| 2 | | വാമനപുരം |
| 3 | | പോത്തൻകോട്ട് |
| 4 | | പെരുങ്കടവിള |
| 5 | | അതിയന്നൂർ |
| 6 | | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി |
| 7 | | തിരുവനന്തപുരം കോർപ്പറേഷൻ |
| | **കൊല്ലം** | |
| 8 | | ഓച്ചിറ |
| 9 | | ശസ്താംകോട്ട |
| 10 | | വെട്ടിക്കവല |
| 11 | | പത്തനാപുരം |
| 12 | | ചിറ്റുമല |
| 13 | | മുഖത്തല |
| 14 | | കൊല്ലം കോർപ്പറേഷൻ |
| | **പത്തനംതിട്ട** | |
| 15 | | പുളിക്കീഴ് |
| 16 | | ഇലന്തൂർ |
| 17 | | പന്തളം |
| | **ആലപ്പുഴ** | |
| 18 | | തൈക്കാട്ടുശേരി |
| 19 | | ആര്യാട് |
| 20 | | ചമ്പക്കുളം |
| 21 | | വെളിയനാട് |
| 22 | | ചെങ്ങന്നൂർ |
| 23 | | ഹരിപ്പാട് |
| 24 | | ഭരണിക്കാവ് |
| | **കോട്ടയം** | |
| 25 | | കടുത്തുരുത്തി |

| | | |
|---|---|---|
| 26 | | ഉഴവൂർ |
| 27 | | എരുമപ്പേറ്റ |
| 28 | | പാമ്പാടി |
| 29 | | പള്ളോം |
| 30 | | വാഴൂർ |
| | **ഇടുക്കി** | |
| 31 | | ഇടുക്കി |
| 32 | | തൊടുപുഴ |
| | **എറണാകുളം** | |
| 33 | | ആലങ്ങാട് |
| 34 | | അങ്കമാലി |
| 35 | | കുവപ്പാടി |
| 36 | | വൈപ്പിൻ |
| 37 | | പള്ളുരുത്തി |
| 38 | | വടവുകോട് |
| 39 | | പാമ്പക്കുട |
| 40 | | പറക്കാട് |
| 41 | | കൊച്ചി കോർപ്പറേഷൻ |
| | **തൃശ്ശൂർ** | |
| 42 | | ചൊവ്വന്നൂർ |
| 43 | | വടക്കാഞ്ചേരി |
| 44 | | പുഴക്കൽ |
| 45 | | മുല്ലശ്ശേരി |
| 46 | | താലിക്കുളം |
| 47 | | ചെർപ്പ് |
| 48 | | കോടകര |
| 49 | | വെള്ളാംഗല്ലൂർ |
| 50 | | മാള |
| | **പാലക്കാട്** | |
| 51 | | തൃത്താല |
| 52 | | ഒറ്റപ്പാലം |
| 53 | | മണ്ണാർക്കാട് |
| 54 | | പാലക്കാട് |
| 55 | | കുഴൽമന്നം |
| 56 | | കൊല്ലങ്കോട് |

| | | |
|---|---|---|
| 57 | | നേമാറ |
| | **മലപ്പുറം** | |
| 58 | | കാളിക്കാവ് |
| 59 | | വണ്ടൂർ |
| 60 | | കൊണ്ടോട്ടി |
| 61 | | മലപ്പുറം |
| 62 | | പെരിന്തൽമണ്ണ |
| 63 | | കുട്ടിപ്പുറം |
| 64 | | വേങ്ങര |
| 65 | | താനൂർ |
| 66 | | പൊന്നാനി |
| | **കോഴിക്കോട്** | |
| 67 | | കുന്നുമ്മൽ |
| 68 | | തോടന്നൂർ |
| 69 | | മേലടി |
| 70 | | ബാലുഷ്ശേരി |
| 71 | | ചെലന്നൂർ |
| 72 | | കുന്നമംഗലം |
| | **വയനാട്** | |
| | **കണ്ണൂർ** | |
| 73 | | കള്ളിയാശ്ശേരി |
| 74 | | ഇരിക്കൂർ |
| 75 | | കണ്ണൂർ |
| 76 | | ഏടക്കാട് |
| 77 | | പാനൂർ |
| 78 | | പേരാവൂർ |
| | **കാസർഗോഡ്** | |
| 79 | | മഞ്ചേശ്വരം |
| 80 | | നിലേശ്വരം |

## അനുബന്ധം 3

| ക്രമ നമ്പർ | ബ്ലോക്ക് | ജില്ല | യൂണിറ്റുകൾ |
|---|---|---|---|
| 1 | വർക്കല | തിരുവനന്തപുരം | 4 |
| 2 | കിളിമാനൂർ | | |
| 3 | വെള്ളനാട് | | |
| 4 | നേമം | | |
| 5 | കൊട്ടാരക്കര | കൊല്ലം | 3 |
| 6 | ചവറ | | |
| 7 | ഇത്തിക്കര | | |
| 8 | കോയിപ്രം | പത്തനംതിട്ട | 3 |
| 9 | റാന്നി | | |
| 10 | കോന്നി | | |
| 11 | പട്ടണക്കാട് | ആലപ്പുഴ | 3 |
| 12 | അമ്പലപ്പുഴ | | |
| 13 | മാവേലിക്കര | | |
| 14 | ഏറ്റുമാനൂർ | കോട്ടയം | 3 |
| 15 | ലാലം | | |
| 16 | മാടപ്പള്ളി | | |
| 17 | അടിമാലി | ഇടുക്കി | 3 |
| 18 | നെടുങ്കണ്ടം | | |
| 19 | ഏലാംദേശം | | |
| 20 | പറവൂർ | എറണാകുളം | 4 |
| 21 | വാഴക്കുളം | | |
| 22 | എടപ്പള്ളി | | |
| 23 | മൂവാറ്റുപുഴ | | |
| 24 | ചാവക്കാട് | തൃശ്ശൂർ | 5 |
| 25 | ഒല്ലൂക്കര | | |
| 26 | അന്തിക്കാട് | | |
| 27 | ഇരിങ്ങാലക്കുട | | |
| 28 | ചാലക്കുടി | | |
| 29 | ശ്രീകൃഷ്ണപുരം | പാലക്കാട് | 4 |
| 30 | ചിറ്റൂർ | | |

| | | | |
|---|---|---|---|
| 31 | ആലത്തൂർ | | |
| 32 | മലമ്പുഴ | | |
| 33 | അരീക്കോട് | മലപ്പുറം | 4 |
| 34 | മങ്കട | | |
| 35 | തിരൂരങ്ങാടി | | |
| 36 | പെരുമ്പടപ്പ | | |
| 37 | വടകര | കോഴിക്കോട് | 4 |
| 38 | പേരാമ്പ്ര | | |
| 39 | പന്തലായനി | | |
| 40 | കോഴിക്കോട് | | |
| 41 | പനമരം | വയനാട് | 2 |
| 42 | കൽപറ്റ | | |
| 43 | തളിപ്പറമ്പ് | കണ്ണൂർ | 3 |
| 44 | തലശ്ശേരി | | |
| 45 | കുത്തുപറമ്പ് | | |
| 46 | കരടുക്ക | കാസർഗോഡ് | 2 |
| 47 | പരപ്പ | | |